# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 295 — 6.1.2014- ൽ മറുപടിക്ക്

## ഹാരിസൺ മലയാളം ലിമിറ്റഡിനെതിരെയുള്ള വിജിലൻസ് അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. രമേശ് ചെന്നിത്തല, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) ഹാരിസൺ മലയാളം ലിമിറ്റഡ് എന്ന സ്ഥാപനം വ്യാജ രേഖകളും ഭൂപടങ്ങളും ഉപയോഗിച്ച് എസ്റ്റേറ്റുകൾ കൈവശംവച്ച് വരുന്നത് സംബന്ധിച്ച വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (എ) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി അനധികൃതമായി ഭൂമി കൈവശം വച്ചത് സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തിയാക്കുകയും അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ 9/13/എസ്.ഐ.യു. II നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ഉണ്ടായി. പ്രസ്തുത വിജിലൻസ് കേസിന്റെ അന്വേഷണം നടന്നു വരവെ 19/12/2013 ലെ ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി തുടർനടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതാണ്. |
| ( ബ 1 ) ഹാരിസണിന്റെ കൈവശം ഇരിക്കുന്ന മൊത്തം ഭൂമി എത്ര ഏക്കറാണ് ; | **(ബി)** വിജിലൻസ് ഡയറക്ടറുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം 36,000 ഏക്കർ സർക്കാർ ഭൂമി ഹാരിസൺ മലയാളം ലിമിറ്റഡ് കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിരുന്നു. അന്വേഷണ റിപ്പോർട്ടും അനുബന്ധ രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 1957 ലെ കേരള ഭൂ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് ഹാരിസൺ മലയാളം ലിമിറ്റഡ് കൈവശം വച്ചിരിക്കുന്നതായി ലാന്റ് അക്വസിഷൻ അസിസ്റ്റന്റ് കമ്മീഷണർ ശ്രീ.സജിത് ബാബു സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ള 41000 ഏക്കർ ഭൂമി ഹാരിസൺ മലയാളം കമ്പനിയുടെ കൈവശമുള്ളതായി |

കണ്ടെത്തുകയും ആയത് ഭൂ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ തിരിച്ചുപിടിക്കണം എന്ന് വിജിലൻസ് ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുള്ളതുമാണ്. ടി ശുപാർശ തുടർ നടപടികൾക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

( സി ) വിജിലൻസ് അന്വേഷണ റിപ്പോർട്ട് കേരള ഹൈക്കോടതിക്ക് കൈമാറിയിട്ടുണ്ടോ ; റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

**(സി)** വിജിലൻസ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഹൈക്കോടതിയിൽ ഈ വിഷയം കൈകാര്യം ചെയ്യുന്ന സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർക്ക് (റവന്യൂ) അയച്ചുകൊടുത്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ